**ബഹ്റൈൻ കേരളീയ സമാജം സംഘടിപ്പിച്ച "ശ്രാവണം 2024" ഓണാഘോഷപ്പരിപാടിയിൽ അംബാസ്സഡർ വിനോദ് കെ. ജേക്കബ് മലയാളത്തിൽ നടത്തിയ പ്രസംഗം (20 സെപ്റ്റംബർ 2024)**

1. എവർക്കും എന്റെ ഓണാശംസകൾ.

2. ബി.കെ.എസ് സംഘടിപ്പിക്കുന്ന ഇന്നത്തെ ഈ ഓണാഘോഷ പരുപാടിയിൽ പങ്കെടുക്കാൻ സാധിച്ചതിൽ എനിക്ക് വളരെ അധികം സന്തോഷമുണ്ട്. ബി.കെ.എസിന്റെ പ്രസിഡൻറ് ശ്രീ.രാധാകൃഷ്ണൻ പിള്ള, ജനറൽ സെക്രട്ടറി ശ്രീ. വർഗീസ് കാരയ്ക്കൽ, ശ്രാവണം 2024-ൻറെ സംഘാടക സമിതിയിൽ ഉള്ളവർക്കും എന്റെ അഭിനന്ദനങ്ങൾ നേരുന്നു.

3. മലയാള സാഹിത്യത്തിലെ പ്രമുഖനായ ശ്രീ ടി പത്മനാഭൻറെ ബഹ്റൈനിലുള്ള സാനിധ്യം നമുക്കെല്ലാവർക്കും സന്തോഷപ്രദമാണ്. അദ്ദേഹത്തിന് എന്റെ എല്ലാ വിധ ആശംസകളും നേരുന്നു.

4. പ്രശസ്ത ഗായിക ശ്രീമതി കെ എസ് ചിത്രയും അവരുടെ സംഘവും ഈ പരിപാടിയുടെ ഭാഗമായത് എനിക്കും ബഹ്റൈനിലെ മലയാളികൾക്കും വളരെ സന്തോഷകരമായ കാര്യമാണ്.

5. ഈ വർഷത്തെ ഓണം ഇന്ത്യൻ പ്രവാസി സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും, ബഹ്റൈനി സുഹൃത്തുക്കളെയും ഉൾപ്പെടുത്തി ബഹ്റൈനിൽ ആവേശത്തോടെ ആഘോഷിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. വരും വർഷങ്ങളിലും ഇത് തുടരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

6. ഇന്ത്യ-ബഹ്റൈൻ ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള ഞങ്ങളുടെ ശ്രമങ്ങളിൽ എന്നെയും എൻറെ എംബസിയെയും നിങ്ങൾ എല്ലാവരും പിന്തുണക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

7. നമ്മുടെ സൗഹൃദരാജ്യമായ ബഹ്റൈനിലെ നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ട് നല്ല അതിഥികളായി ജീവിക്കാനും പ്രവർത്തിക്കാനും നിങ്ങളെ എല്ലാവരെയും പ്രോത്സാഹിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കട്ടെ.

8. നന്ദി നമസ്കാരം.